LIBRARY ARCHIVES Kerala Legislative Assembly

ഇടുക്കി ഉപ്പുതറയിലെ തടി കടത്ത്

104 (410) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ചിയാർ പഞ്ചായത്ത് മുൻ പ്രസിഡന്റിന്റെ നേതൃത്വത്തിൽ ഇടുക്കി ഉപ്പുതറ ഏലമല കാട്ടിൽ നിന്നും കടത്തിയ 10 ലോഡ് തടികൾ വനം വകുപ്പിന്റെ വിജിലൻസ് വിഭാഗം പിടികൂടിയിട്ടുണ്ടോ?

കാഞ്ചിയാർ പഞ്ചായത്ത് മുൻ പ്രസിഡന്റിന്റെ നേതൃത്വത്തിൽ ഇടുക്കി ഉപ്പുതറ ഏലമല കാട്ടിൽ നിന്നും കടത്തിയ 10 ലോഡ് തടികൾ വനം വകുപ്പിന്റെ വിജിലൻസ് വിഭാഗം പിടികൂടിയിട്ടില്ല. എന്നാൽ സമീപ പ്രദേശമായ ഇടുക്കി ജില്ലയിലെ വെള്ളിലാംകണ്ടം കിഴക്കേ മാട്ടുക്കട്ട ഭാഗത്ത് ഏലമല കാട്ടിൽ നിന്നും വെട്ടികടത്തി കൊണ്ടുവന്ന 5 MT വിറക് അയ്യപ്പൻ കോവിൽ വനം റെയ്ഞ്ചിൽ നിന്നും പിടികൂടിയിട്ടുണ്ട്. തുടരന്വേഷണത്തിൽ കുമളി റെയിഞ്ചിലെ ചെല്ലാർ കോവിൽ സെക്ഷൻ സ്റ്റാഫ് ടി വിറകിന് വേണ്ടി മുറിച്ച ചോരക്കാലി, പത്രി, നാങ്ക് ഇനത്തിൽപ്പെട്ട 5 മരങ്ങളുടെ കുറ്റി കണ്ടെത്തുകയും ഒ.ആർ-7/2021 കേസ്സെടുക്കുകയും ചെയ്തിട്ടുണ്ട്. ടി കേസ്സിലെ 5 പ്രതികളിൽ കാഞ്ചിയാർ പഞ്ചായത്ത് മുൻ പ്രസിഡന്റ് ഉൾപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ വനം വകുപ്പ് എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ടി മരം മുറിയുമായി ബന്ധപ്പെട്ട് അയ്യപ്പൻകോവിൽ വനം റെയ്ഞ്ചിൽ 04/2021 നമ്പരായും കുമളി വനം റെയ്ഞ്ചിൽ 07/2021 നമ്പരായും കേസ് എടുത്ത് തുടരന്വേഷണം നടത്തുന്നുണ്ട്. പ്രതികളുടെ മൊഴികൾ രേഖപ്പെടുത്തുകയും കുറ്റകൃത്യത്തിൽ ഉൾപ്പെട്ട വണ്ടിയും ആയുധങ്ങളും കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

മരംമുറി ഉത്തരവ്

105 (411) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവാദമായ മരംമുറി ഉത്തരവ് വനം വകുപ്പുമായി കൂടിയാലോചിക്കാതെ റവന്യൂ വകുപ്പ് ഏകപക്ഷീയമായി പുറപ്പെടുവിച്ചതാണെന്ന് വനം വകുപ്പ് കരുതുന്നുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പട്ടയഭൂമിയിലെ നട്ടുവളർത്തിയ മരങ്ങൾ മുറിച്ച് മാറ്റുന്നത് സംബന്ധിച്ച് ചട്ടങ്ങളിൽ മാറ്റം വരുത്തുന്നതിന് ബഹു. റവന്യൂ വകുപ്പുമന്ത്രിയും, ബഹു. വനം വകുപ്പുമന്ത്രിയും ചർച്ചകൾ നടത്തിയിരുന്നു. ടി യോഗങ്ങളിൽ വനം വകുപ്പിന്റെ കൃത്യമായ നിലപാട് അറിയിച്ചിട്ടുള്ളതാണ്.

(ബി) വനഭൂമിയിലെ മരങ്ങൾ മുറിച്ച് മാറ്റുവാൻ പ്രസ്തുത ഉത്തരവ് സഹായിച്ചിട്ടുണ്ടോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

വനഭൂമിയിലെ മരങ്ങൾ മുറിച്ചു മാറ്റുന്നതിന് ടി ഉത്തരവ് കാരണമായിട്ടില്ലാത്തതാണ്.

(സി) പ്രസ്തുത വിഷയത്തിൽ ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെയാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്നും കൂടുതൽ ഉന്നത ഉദ്യോഗസ്ഥർ ഇതിലുൾപ്പെട്ടിട്ടുണ്ടോയെന്നും പരിശോധിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഈ ഉത്തരവ് ദുർവ്യാഖ്യാനം ചെയ്ത് വ്യാപകമായി പട്ടയഭൂമിയിൽ നിന്ന് മരങ്ങൾ മുറിച്ചിട്ടുള്ളതായി പ്രാഥമിക അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് വയനാട് ലക്കിടി ചെക്ക്പോസ്റ്റിലെ രണ്ട് ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്ന് മാറ്റി നിർത്തിയിട്ടുണ്ട്. കൂടുതൽ ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് അന്വേഷണം നടത്തി വരികയാണ്.

അനധികൃത ഈട്ടി കടത്ത്

106 (412) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉത്തരവിനെ തുടർന്ന് സംസ്ഥാനത്ത് വൻതോതിൽ ഈട്ടി അടക്കമുള്ള മരങ്ങൾ അനധികൃതമായി കടത്തിയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എട്ട് ജില്ലകളിൽ നിന്നുമായി അയ്യായിരത്തോളം ഈട്ടിത്തടികൾ അനധികൃതമായി കടത്തിയ സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly